LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസ്. സ്റ്റേഡിയം

262 (2006) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ഇ.എം.എസ്. സ്റ്റേഡിയം സ്പോർട്സ് വകുപ്പ്/ കൗൺസിൽ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നഗരസഭയുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി സ്പോർട്സ് വകുപ്പ്/ കൗൺസിൽ എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റേഡിയം ഏറ്റെടുക്കുന്നതുസംബന്ധിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലും ആലപ്പുഴ മുനിസിപ്പാലിറ്റിയുമായി ചർച്ചകളൊന്നും നടത്തിയിട്ടില്ല.

(ബി) ആലപ്പുഴയിലെ ഇ. എം. എസ്. സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് കായിക വകുപ്പോ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലോ, പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. നഗരസഭ സ്റ്റേഡിയം വാടകയുടെ 40% കായിക വികസന നിധിയിലേയ്ക്ക് അടയ്ക്കാമെന്ന തീരുമാനം ഔദ്യോഗികമായി സർക്കാരിനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം ലഭ്യമാക്കാൻ തയ്യാറാണെന്ന് ധാരണയായിട്ടുണ്ട്. മേൽ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാവുന്നതാണ്. 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ആലപ്പുഴ നഗരസഭാ സ്റ്റേഡിയം വികസിപ്പിക്കാൻ തുക വകയിരുത്തിയിട്ടുണ്ട്.

മൈലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം മാസ്റ്റർപ്ലാൻ

263(2007) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ മൈലം ഗ്രാമപഞ്ചായത്ത് വക കളിസ്ഥലം മൾട്ടി പർപ്പസ് സ്റ്റേഡിയം ആക്കി മാറ്റുന്നതിനുള്ള മാസ്റ്റർപ്ലാൻ കായിക യുവജന ക്ഷേമ ഡയറക്ടർക്ക് ലഭിച്ചിരുന്നോ; (No.3353/ENGG/13/NGS, 12-1-16 CE NGS)

(ബി) പ്രസ്തുത മാസ്റ്റർ പ്ലാനിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൈലം ഗ്രാമപഞ്ചായത്ത് വക കളിസ്ഥലം മൾട്ടി പർപ്പസ് സ്റ്റേഡിയമാക്കി മാറ്റുന്നതുസംബന്ധിച്ച് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് തയ്യാറാക്കിയ 1,03,80,000 രൂപയുടെ എസ്റ്റിമേറ്റും പ്ലാനും കായികയുവജനകാര്യ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത മാസ്റ്റർപ്ലാൻ കായികയുവജനകാര്യ ഡയറക്ടറുടെ പരിഗണനയിലാണ്.

കായിക മേഖലയിൽ പ്രോത്സാഹനം

264 (2008) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്കും സ്കൂൾ-കോളേജുകൾക്കും കൂടുതൽ പ്രോത്സാഹനം ലഭിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ മെഡൽ നേടുന്ന മലയാളി താരങ്ങൾക്ക് പ്രത്യേക ക്യാഷ് അവാർഡും സർക്കാർ ജോലിയും നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കായിക താരങ്ങൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് എല്ലാ ജില്ലകളിലും കുറഞ്ഞത് അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയം വീതം നിർമ്മിച്ച് നൽകുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

അപ്രകാരം മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ്